**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** — **30-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റീ-സർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ കാരണം കരമടച്ചു വന്നിരുന്ന വസ്തു ഉടമകളുടെ വസ്തുവിൽ മാറ്റം വരികയും, കരം അടയ്ക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി സർവ്വെ ചെയ്യാതെയാണ് നിലവിൽ ആധാരം ചമയ്ക്കുന്നതും, ടി ആധാരത്തിന്റെ അടിസ്ഥാനത്തിൽ പോക്ക് വരവ് നടത്തി കരം അടച്ച് വരുന്നതും. എന്നാൽ റീസർവ്വെ പ്രകാരം എല്ലാ പാർസലുകളും കൃത്യമായി അളന്ന് റിക്കാർഡുകൾ തയ്യാറാക്കുമ്പോൾ ആധാരവിസ്തീർണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുകയും കരം അടയ്ക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തെറ്റായ വിവരങ്ങളുടെയോ നിഗമനങ്ങളുടെയോ അടിസ്ഥാനത്തിൽ, പട്ടയ ഭൂമിക്ക് കരം അടച്ചു വന്നിരുന്നവരുടെ വസ്തു ആധാരപ്രകാരമുള്ളതിൽ നിന്നും കുറവു വന്നത് പരിഹരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീസർവ്വെയ്ക്ക് മുൻപ് ആധാര പ്രകാരം പോക്ക് വരവ് ചെയ്തു കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും, വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ച് കൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ കരം തീർത്ത് നൽകുന്നതിന് അനുമതി നൽകി 21/04/2022 ലെ സ.ഉ.(കൈ)നം. 110/2022/ റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വിസ്തീർണ്ണ വ്യത്യാസം മൂലമുള്ള പ്രശ്നപരിഹാരത്തിനായി ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്. |
| (സി) | വർഷങ്ങളായുള്ള ഇത്തരം പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സർവ്വെ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ സർവ്വെ |

| | | | |
|---|---|---|---|
| | | | റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനും, അത് പ്രകാരം പോക്ക് വരവ് ചെയ്യുവാൻ സാധിക്കുന്നതും, വിസ്തീർണ്ണ വ്യത്യാസം പോലുള്ള പരാതികൾക്ക് സ്ഥായിയായ പരിഹാരം കാണുവാൻ സാധിക്കുന്നതുമാണ്. അതോടൊപ്പം ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകുന്നതോടെ ഭൂരേഖകളെല്ലാം ഡിജിറ്റലായി പരിപാലിക്കാനും ഏകീകൃത പോർട്ടൽ ലഭ്യമാക്കാനും സാധിക്കും. ഇതിലേക്ക് "എന്റെ ഭൂമി " എന്ന പേരിൽ സമഗ്രമായ ഒരു സോഫ്റ്റ് വെയർ എൻ.ഐ.സി മുഖേന തയ്യാറാക്കി വരുന്നു. |
| (ഡി) | വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് വില്ലേജ് തലം മുതൽ കമ്മീഷണറേറ്റ് വരെ ആഗസ്റ്റ് 01 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ അദാലത്ത് നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ